നിർമ്മൽ പുരസ്കാരം നേടിയെടുക്കുവാൻ കഴിഞ്ഞ ഗ്രാമപഞ്ചായത്തുകൾ

7(*37) ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എൻ. രാജൻ :
ശ്രീ. ബാബു പോൾ :
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഗ്രാമ പഞ്ചായത്തുകൾക്ക് നിർമ്മൽ പുരസ്കാരം നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിലെ ഏതെങ്കിലും ജില്ലകൾ നിർമ്മൽ ജില്ലകളായി പ്രഖ്യാപിക്കാൻ സാദ്ധ്യതയുണ്ടോ, എങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;

(സി) മാലിന്യമുക്തകേരളം എന്നുമുതലാണ് നടപ്പിലാക്കിയത് ; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി(ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) 971.

(ബി) കേരളത്തിലെ 6 ജില്ലാ പഞ്ചായത്തുകൾക്ക് ഇതിനോടകം നിർമ്മൽ ഗ്രാമ പുരസ്കാരം ലഭിച്ചിട്ടുണ്ട്. അവാർഡ് ലഭിക്കാൻ അവശേഷിക്കുന്ന 8 ജില്ലകളിൽ ഉൾപ്പെട്ട 4 ജില്ലകളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും അവാർഡ് നേടിയിട്ടുണ്ട്. ജില്ലാകളിലെ മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകൾക്കും പുരസ്കാരം ലഭിക്കുന്ന മുറയ്ക്ക് ഈ ജില്ലാകൾക്കും നിർമ്മൽ ഗ്രാമ പുരസ്കാരം ലഭിക്കുന്നതാണ്.

(സി) മാലിന്യമുക്തകേരളം പരിപാടി 2006 ഒക്ടോബർ മുതലാണ് നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പരിപാടികളാണ് നടപ്പിലാക്കുന്നത്:

1. ഖര/ദ്രവ മാലിന്യ പരിപാലനം

ഖരമാലിന്യ പരിപാലനം, മാലിന്യമുക്ത കേരളം പരിപാടിയുടെ ഒരു പ്രധാന ഘടകമാണ്. പദ്ധതിയുടെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രത്യേകിച്ചും തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ഖര, ദ്രവ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി സമ്പൂർണ്ണ ശുചിത്വ യജ്ഞ പരിപാടിയുടെ ജില്ലാ പ്രോജക്ടുകളിൽനിന്ന് ഭാഗിക സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഖര, ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായവും നൽകുന്നു.

2. ബി.പി.എൽ. കോളനികളിലെ ശുചിത്വം

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ കൂടുതലായി അധിവസിക്കുന്ന കോളനികളിൽ സമഗ്ര ശുചിത്വ പ്ലാൻ തയ്യാറാക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ പ്രവർത്തനം നടത്തുകയുണ്ടായി. സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിൽ, സാരമായ ശുചിത്വ പ്രശ്നങ്ങൾ ഉള്ളതും ബി.പി.എൽ. കുടുംബങ്ങൾ കൂടുതലായി അധിവസിക്കുന്നതുമായ ഓരോ കോളനി വീതം തെരഞ്ഞെടുത്ത് പ്രസ്തുത കോളനികളുടെ മാലിന്യ പ്രശ്നങ്ങളെ കുറിച്ച് വിശദമായ പഠനം നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന സമഗ്ര മാതൃകാ ശുചിത്വ പ്ലാൻ തയ്യാറാക്കുകയാണ് ഈ പരിപാടിയിൽ ചെയ്തത്.

3. മാലിന്യ മുക്തകേരളം പ്രചരണ പരിപാടി

പരിസര ശുചിത്വ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിലൂടെ വിവര വിദ്യാഭ്യാസ വിനിമയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

4. മാലിന്യ മുക്തകേരളം അവാർഡ്

ശുചിത്വ മേഖലയിൽ മികച്ച നിലവാരം പുലർത്തുന്ന പഞ്ചായത്തുകളെ ആദരിക്കുന്നതിനായി മാലിന്യ മുക്ത കേരളം അവാർഡ് നൽകി വരുന്നു. അവാർഡിനായി, സംസ്ഥാനത്ത് മികച്ച ശുചിത്വ നിലവാരം പുലർത്തുന്ന 60 പഞ്ചായത്തുകളെ തെരഞ്ഞെടുത്ത്, 50,000 രൂപ വീതം ധനസഹായം നൽകുന്നു. കൂടാതെ ജില്ലാതലത്തിൽ മികച്ച ശുചിത്വ നിലവാരം പുലർത്തുന്ന പൊതു സ്ഥാപനങ്ങൾക്കും അവാർഡ് നൽകി വരുന്നുണ്ട്.

പോലീസ് സ്റ്റേഷനുകളുടെ നവീകരണം

8(* 38) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) ഇത്തരം സംവിധാനങ്ങൾ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഈ വർഷം തന്നെ നടപ്പിലാക്കാൻ കഴിയുമോ ;

(സി) സംസ്ഥാനത്തൊട്ടാകെ ഇന്നിയും സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകളാണുള്ളത് എന്നറിയിക്കുമോ ;

(ഡി) ഈ സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഈ വർഷം തന്നെ ഇത്തരത്തിൽ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും സ്വന്തമായ കെട്ടിടം നിർമ്മിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly